വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത

50 (2251) ഡോ. ടി. എം. തോമസ് ഐസക് :

ഡോ. കെ. ടി. ജലീൽ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാർ പദ്ധതി മുന്നോട്ട വച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം വൈദ്യുതി മേഖലയിൽ കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡുകളുടെ കടബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് "ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന" (UDAY) എന്ന പദ്ധതി 20-11-2015-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉദയ് പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിക്കുകയാണെങ്കിൽ 'DDUGJY' മുതലായ കേന്ദ്ര പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നും additional/ priority funding ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി വിതരണ കമ്പനിയുടെ 75% നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതാണ്. വിതരണക്കമ്പനികളുടെ റവന്യൂഗ്യാപ്പ് കുറയ്ക്കുക, AT&C Loss കുറയ്ക്കുക എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത പദ്ധതിയിൽ പങ്കുചേരുന്നതിന് കേന്ദ്ര ഊർജ്ജമന്ത്രാലയവും സംസ്ഥാന സർക്കാരും വിതരണക്കമ്പനിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

(സി) ഉദയ് പദ്ധതി സംബന്ധിച്ച 20-11-2015-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly